അഞ്ചുമുതൽ പത്തുവരെ പ്രായത്തിൽ കളരിപഠനം കൊണ്ടു കിട്ടിയ പൊതുവിദ്യാഭ്യാസവും, ഗുരുകുലസമാനമായ ഇടവകസെമിനാരിയിലെ വൈദികപരിശീലനവും മാത്രം കൈമുതലുള്ള ചാവറപ്പിതാവ് മോറൽ കോഡുകളുടെ സമാഹാരമായ പത്തുകല്പനകൾക്കു സമാനമായ വിധം കുടുംബജീവിതത്തിന്റെ വിവിധവശങ്ങളെക്കുറിച്ച്, വ്യക്തമായ മാർഗരേഖകൾ തന്നു എന്നുള്ളതുകൊണ്ടാണ് കുടുംബങ്ങളുടെ പ്രവാചകനായി അദ്ദേഹത്തെ കാണേണ്ടിവരുന്നത്. പത്തൊൻപതാം നൂറ്റാണ്ടുവരെയുള്ള ഇൻഡ്യൻ സഭയുടെ ചരിത്രത്തിലൊ ആഗോളകത്തോലിക്കാസഭയുടെ ചരിത്രത്തിലൊ കുടുംബജീവിതത്തിന്റെ നാനാവശങ്ങളെക്കുറിച്ച് ഇത്രയും വ്യക്തമായ ഒരു മാർഗരേഖ നിർവചനത്തോടുകൂടി കണ്ടെത്താനില്ലാത്തതുകൊണ്ടും കുടുംബമൂല്യങ്ങളെ വിലയിരുത്തുവാൻ ഇത്രയും ലളിതമായതും സമഗ്രമായതുമായ ഒരു പഠനം ഇതുവരെ കൃത്യമായി ഉണ്ടാകാത്തതുകൊണ്ടും 1868ൽ എഴുതിയ ഒരുനല്ല അപ്പന്റെ ചാവരുൾ നമുക്കിന്നും ഒരു പാഠപുസ്തകമാണ്.

## ഒരു നല്ല അപ്പന്റെ ചാവരുൾ എന്ന കുടുംബക്രമത്തിന്റെ പ്രത്യേകതകൾ

### 1. ഒരു സ്നേഹപിതാവിൽ നിന്നു വരുന്ന സാരോപദേശം

കേരളസഭയേ സംബന്ധിച്ചിടത്തോളം ഇത് സ്നേഹം നിറഞ്ഞ ഒരു പൂർവ്വ പിതാവിൽ നിന്നു വരുന്ന സാരോപദേശമാണ്. തന്റെ അന്ത്യശാസനമായി ഇത് സ്വീകരിക്കണമെന്നും കഴിയുന്നവരൊക്കെ പകർത്തി എഴുതി വീടുകളിൽ സൂക്ഷിക്കണമെന്നും അദ്ദേഹം നിർദ്ദേശിച്ചു. തന്നെ ഓർക്കാൻ ഇതിൽകവിഞ്ഞു മറ്റൊന്നും ചെയ്യണ്ട എന്നും സൂചിപ്പിച്ചിരുന്നു. ഒരു നല്ല അപ്പന്റെ സ്നേഹവാത്സല്യത്തിന്റെ ഭാവം ഇതിൽ കാണുന്നുണ്ട്.

ഔദ്യോഗികരേഖകളിൽ ആശയങ്ങളെ വേർതിരിക്കാൻ നമ്പറുകൾ കൊടുക്കാറുള്ളതുപോലെ ചാവറപിതാവെഴുതിയ കുടുംബക്രമത്തിലും വിഷയവ്യത്യാസമുള്ളതിനെല്ലാം നമ്പറുകൾ കൊടുത്തിട്ടുണ്ട്.

കുടുംബാംഗങ്ങൾ ദൈവത്തോടും, കുടുംബാംഗങ്ങളോടു പരസ്പരവും, മറ്റുള്ളവരോടും, തന്നോടുതന്നെയും സ്വീകരിക്കേണ്ട മനോഭാവത്തെക്കുറിച്ചുള്ള പ്രായോഗികനിർദ്ദേശങ്ങളാണ് ഇതിലുള്ളത്.

**2. ദൈവികവെളിച്ചം സ്വീകരിച്ചുകൊണ്ട് എഴുതപ്പെട്ട കുടുംബക്രമം**

സന്തോഷം, സമാധാനം, ജീവിതക്രമം, പരസ്നേഹം, ദൈവഭയം, നീതിബോധം തുടങ്ങിയ നന്മകൾക്കെതിരായി കുടുംബങ്ങളിൽ സംഭവിച്ചുകൊണ്ടിരിക്കുന്നതും ഭാവിയിൽ വരാവുന്നതുമായ തിന്മകളെയും നാശങ്ങളെയും കുറിച്ച് വിലയിരുത്തിയ ചാവറപിതാവ് കുടംബങ്ങൾക്ക് വ്യക്തമായ ചില മാർഗ്ഗ നിർദ്ദേശങ്ങൾ കൊടുക്കണമെന്ന് ആഗ്രഹിച്ചു. ദിവ്യപ്രകാശത്തിനായി പ്രാർത്ഥിച്ച് ദൈവനിവേശിതനായാണ് കുടുംബക്രമം എഴുതിയുണ്ടാക്കിയത് എന്നദ്ദേഹം രേഖപ്പെടുത്തിയിട്ടുണ്ട്. ഒന്നരനൂറ്റാണ്ടു പിന്നിടുമ്പോഴും ഇന്നിന്റെ പ്രസക്തിക്കു കോട്ടം വരാത്ത മൂല്യവത്തായ പ്രായോഗിക നിർദ്ദേശങ്ങളായിരിക്കുന്നതിന്റെ കാരണവും സ്ഥലകാലാതീതമായി ഈ സന്ദേശം നിലനിൽക്കുന്നതും അദ്ദേഹം ദൈവനിവേശിതമായി എഴുതി എന്നതുകൊണ്ടാണ്. കുടുംബജീവിതത്തെയും, മാതാപിതാക്കളെയും, യുവജനങ്ങളെയും, കുട്ടികളെയും സംബന്ധിച്ച ഈ ക്രമം ധ്യാനകേന്ദ്രങ്ങളിലും, സ്റ്റഡി ക്ലാസ്സുകളിലും പുതുമയോടെ ഇന്നും ഉപയോഗിക്കുന്നതിന്റെ കാരണവും മറ്റൊന്നല്ല.

**3. ചാവരുളിലെ അവതരണ സാമ്യത**

ഉല്പത്തി പുസ്തകത്തിലെ 49-ാമത്തെ അദ്ധ്യായത്തിൽ 1 മുതൽ 27 വരെയുള്ള വചനങ്ങൾ പൂർവ്വപിതാവായ യാക്കോബ് തന്റെ മക്കൾക്കു കൊടുക്കുന്ന അവസാന അനുഗ്രഹഭാഗമാണ്. ഇതിലൂടെ അവരെ അനുഗ്രഹിക്കുന്നതിനോടൊപ്പം അവരിലെ സ്വഭാവ ദൂഷ്യങ്ങളെക്കുറിച്ചും തിരുത്തേണ്ട മേഖലകളെക്കുറിച്ചും അവരെ ഓർപ്പിച്ചുകൊടുക്കുകയും ചെയ്യുന്നു,

നിയമാവർത്തന പുസ്തകത്തിലെ 33-ാം അദ്ധ്യായത്തിൽ അവസാനമായി മോശ ഇസ്രായേൽ ജനത്തെ ആശീർവദിക്കുന്ന

ഭാഗമാണിത്. ഇവിടെ അവരുടെ സ്വഭാവത്തിന്റെ പ്രത്യേകതകളെക്കുറിച്ച് വിശദീകരിച്ചുകൊണ്ടാണ് ആശീർവാദം നല്കുന്നത്. ഇത് ഒരു തിരുത്തൽ നടപടിയും കൂടിയാണ്.

അപ്പസ്തോലപ്രവർത്തനങ്ങളിലെ 20-ാം അദ്ധ്യായത്തിലെ 18 മുതൽ 25 വരെയുള്ള വചനങ്ങളുടെ വെളിച്ചത്തിൽ എഫേസൂസിലെ സഭയ്ക്കു പൗലോസ് ശ്ലീഹാ നല്കുന്ന അവസാന ഉപദേശമാണ് ഇത്. ഇതിലൂടെ അദ്ദേഹം അവരുടെ ജീവിതത്തിലേക്കാവശ്യമായ വ്യക്തമായ നിർദ്ദേശങ്ങളാണ് നല്കുന്നത്.

യോഹന്നാന്റെ സുവിശേഷത്തിൽ 13-ാം അദ്ധ്യായം 31 മുതൽ 16-ാം അദ്ധ്യായം 33 വരെയുള്ള വചനങ്ങൾ ഈശോ തന്റെ ശിഷ്യന്മാർക്ക് നല്കുന്ന അവസാന ഉപദേശങ്ങളാണ്. ഇതിൽ അവിടുന്ന് ദൈവത്തിന്റെ ദാനമായ സ്നേഹത്തെക്കുറിച്ചും ജീവനെക്കുറിച്ചും തന്റെ ശിഷ്യർക്കു പറഞ്ഞു കൊടുക്കുന്നു, അതിലൂടെ അവരിൽ നിന്ന് എന്താണ് തുടർന്ന് പ്രതീക്ഷിക്കുന്നത് എന്നും വ്യക്തമാക്കുന്നുണ്ട്.

മുകളിൽ സൂചിപ്പിച്ച വിശുദ്ധഗ്രന്ഥഭാഗങ്ങളിലെല്ലാം, യാക്കോബു മുതൽ ഈശോ വരെ എല്ലാവരും അവരുടെ മനുഷ്യജീവിതത്തിന്റെ അന്ത്യനാളുകളിൽ കൊടുക്കുന്ന ഉപദേശങ്ങളും നിർദ്ദേശങ്ങളുമാണ്. ഇവയിലൂടെയെല്ലാം ജീവിതനവീകരണത്തിനാവശ്യമായ നിർദ്ദേശങ്ങളാണ് കൈമാറിയിരിക്കുന്നത്.

ഇവയോട് ഏതാണ്ട് സാമ്യമുള്ള അവതരണരീതിയാണ് ചാവറപിതാവും സ്വീകരിച്ചത്. കുടുംബജീവിതക്കാരുടെ വിശുദ്ധിയും വിശ്വസ്തതയും ഉത്തരവാദിത്വവും എന്താണെന്ന് അദ്ദേഹം നല്ല അപ്പന്റെ ചാവരുളിലൂടെ അവതരിപ്പിക്കുന്നു.

### 3. സന്ദേശത്തിന്റെ അവതരണരീതി

ചാവറപിതാവെഴുതിയ കൈയ്യെഴുത്തു പ്രതിയിൽ 24 പേജു കൊണ്ട് അവസാനിക്കുന്ന ഈ കുടുംബക്രമം വായനക്കാരുടെ മനസ്സിൽ പതിയാവുന്ന വിധം ചെറിയ ചെറിയ ഉപമകളിലൂടെയും, കഥകളിലൂടെയും, അനുഭവങ്ങളിലൂടെയും, തത്വചിന്തകളിലൂടെയും, ആപ്തവാക്യങ്ങളിലൂടെയും, അതിലുപരി ബൈബിൾ വചനങ്ങളി

ലൂടെയുമാണ് അവതരിപ്പിച്ചിരിക്കുന്നത്. ഇവയിലൂടെ വിജ്ഞാന ചിന്തകൾ നൽകി എന്നതിലുപരി പ്രായോഗികനിർദ്ദേശങ്ങളാണ് നൽകിയിരിക്കുന്നത്. അവതരണരീതിയിൽ വി. മത്തായിയുടെ സുവിശേഷത്തിലെ അഞ്ചും, ആറും, ഏഴും അദ്ധ്യായങ്ങളോടും വി. ലൂക്കായുടെ സുവിശേഷത്തിലെ ആറാം അദ്ധ്യായത്തോടും സാമ്യമുണ്ട് ചാവറപിതാവിന്റെ കൃതിക്കും. ജീവിതനവീകരണത്തിനാവശ്യമായ നിർദ്ദേശങ്ങളാണ് ഇവ രണ്ടിലേയും ഉള്ളടക്കം.

**5. വിഷയവതരണത്തിലുള്ള ശാസ്ത്രീയത**

വിശുദ്ധഗ്രന്ഥം, തത്വശാസ്ത്രം, ദൈവശാസ്ത്രം, ധാർമ്മികശാസ്ത്രം എന്നിങ്ങനെ എല്ലാ ചിന്താധാരകളും തന്നെ, കളരിപഠനം കൊണ്ടു കിട്ടിയ പൊതുവിദ്യാഭ്യാസവും ഗുരുകുല സമാനമായ വൈദികപരിപാലനവും മാത്രം കൈമുതലുള്ള ചാവറപിതാവ് മോറൽ കോഡുകളുടെ സമാഹരണമായ പത്തു കല്പനകൾക്ക് സമാനമായവിധം 40- നമ്പറുകളിലൂടെയാണ് ഇത്ര മൂല്യവത്തായ കുടുംബക്രമം എഴുതിയിരിക്കുന്നത്.

**6. മൂന്നു ദിശകളിലൂടെ വേണം ഈ ചെറുഗ്രന്ഥത്തെ വീക്ഷിക്കുവാൻ**

1. ദൈവികപദ്ധതിയിൽ കുടുംബത്തിന്റെ സ്ഥാനം.
2. തിരുസഭയുടെ ദൗത്യത്തിൽ കുടുംബത്തിന്റെ സ്ഥാനം.
3. സാമൂഹ്യബന്ധത്തിൽ കുടുംബത്തിന്റെ സ്ഥാനം.

**7. കുടുംബക്രമത്തിലവതരിപ്പിച്ചിരിക്കുന്ന പ്രധാനവിഷയങ്ങൾ**

- പ്രാർത്ഥനയും കൗദാശിക ജീവിതവും കുടുംബത്തിൽ.
- പരസ്നേഹജീവിതം കുടുംബത്തിൽ
- ആരോഗ്യകരമായ ബന്ധങ്ങൾ കുടുംബത്തിൽ
- സമ്പത്തന്റെ ഉപയോഗം കുടുംബത്തിൽ
- കുട്ടികളുടെ വിദ്യാഭ്യാസം കുടുംബത്തിൽ
- വൈവാഹിക ബന്ധങ്ങളും സ്നേഹബന്ധങ്ങളും കുടുംബ ത്തിൽ
- പാവങ്ങളോടുള്ള മാന്യമായ ഇടപെടൽ കുടുംബത്തിൽ
- ജീവനക്കാരെക്കുറിച്ചുള്ള ശ്രദ്ധയും പരിഗണനയും കുടുംബത്തിൽ

. മറ്റുള്ളവരോടുള്ള സമ്പർക്കം കുടുംബത്തിൽ
. സമയക്രമവും സമയനിഷ്ഠയും കുടുംബത്തിൽ
. ലാളിത്യവും വിശുദ്ധിയും കുടുംബത്തിൽ
. മക്കളുടെ നല്ല വളർത്തൽ കുടുംബത്തിൽ
. സദാചാരനിഷ്ഠയും ദൈവഭയവും കുടുംബത്തിൽ
. നീതിയും സമാധാനവും കുടുംബത്തിൽ
. മാതാപിതാക്കളോടുള്ള മക്കളുടെ കടമകൾ കുടുംബത്തിൽ

**8. കുടുംബക്രമത്തിന്റെ ചരിത്രപരത**

1868-ൽ ചാവറപിതാവ് കുടുംബങ്ങളെ ലക്ഷ്യം വച്ചുകൊണ്ട് എഴുതിയ കുടുംബക്രമം പോലെ ഇത്ര സമഗ്രമായ ഒരു പഠനം അതിനുമുമ്പുള്ള കാലഘട്ടത്തിൽ തിരുസഭയിൽ ഉണ്ടായിട്ടുള്ളതായി കണ്ടെത്തുവാൻ കഴിഞ്ഞിട്ടില്ല. 1545-നും 1563-നുമിടയിൽ നടന്ന ത്രെന്തോസ് സുനഹദോസിലാണ് തിരുസഭാപഠനങ്ങളുടെ ഭാഗമായി കുടുംബത്തോടു ബന്ധപ്പെടുത്തി ഒരു രേഖ ഉണ്ടാകുന്നത്. ഇതു പ്രധാനമായും കൂദാശപരമായ വിവാഹത്തിന്റെ അവിഭാജ്യതയെക്കുറിച്ച് പ്രോട്ടസ്റ്റന്റു റിഫോർമേഴ്സിന് എതിരായുള്ള ഉത്തരമായിട്ടായിരുന്നു അവതരിപ്പിച്ചത്. ഈ രേഖയിൽ കുടുംബജീവിതത്തിന്റെ ഇതരവശങ്ങളെക്കുറിച്ച് കാര്യമായ പ്രതിപാദനമൊന്നുമില്ലായിരുന്നു.

**9. കുടുംബജീവിതത്തോടു ബന്ധപ്പടുത്തി മാർപ്പാപ്പമാർ നൽകിയിരിക്കുന്ന ചില പ്രബോധനങ്ങൾ**

. ക്രിസ്തീയ വിവാഹത്തെകുറിച്ച് 1893-ൽ ലെയോ XIII--ാമൻ മാർപ്പാപ്പ.
. വിവാഹത്തിലെ ബ്രഹ്മചര്യത്തെകുറിച്ച് 1930-ൽ XI-ാം പീയൂസ് മാർപ്പാപ്പ.
. മനുഷ്യജീവനെകുറിച്ച് 1968-ൽ VI--ാം പൗലോസ് മാർപ്പാപ്പ.
. വിവാഹത്തിന്റെയും കുടുംബത്തിന്റെയും പവിത്രതയെക്കുറിച്ച് II -ാം വത്തിക്കാൻ കൗൺസിലിന്റെ തിരുസഭയെക്കുറിച്ചുള്ള കോൺസ്റ്റിറ്റ്യൂഷനിൽ.
. അല്മായരുടെ വിളിയെയും പ്രേഷിതദൗത്യത്തെയും കുറിച്ച് 1987

-ൽ ജോൺപോൾ II-ാമൻ മാർപ്പാപ്പ നൽകിയ അപ്പസ്തോലിക പ്രബോധനം.

ഇവയൊക്കെയാണ് 1868നു ശേഷം നൽകപ്പെട്ട പ്രധാനപഠനങ്ങൾ.

ക്രിസ്തീയ കുടുംബങ്ങളെക്കുറിച്ചുള്ള തിരുസഭ ഇതുവരെ നൽകിയിട്ടുള്ള മാർഗ്ഗരേഖകളെ പഠിക്കുമ്പോൾ ചാവറ പിതാവിന്റെ ചാവരുൾ വലിയ പ്രാധാന്യവും പ്രാമാണികതയും ആദ്യത്തേതു മായ ഒരു പ്രാമാണികരേഖയാണെന്ന് തെളിയുന്നു. മനശാസ്ത്രം എന്നൊരു ശാസ്ത്രീയ വിഭാഗം രൂപപ്പെടുന്നതിന് മുമ്പ് തന്നെ വ്യക്തികളുടെ മനശാസ്ത്രത്തിനനുസരിച്ച് കുടുംബാംഗങ്ങളെ കൂട്ടായ്മയിലും കൂട്ടുത്തരവാദിത്വത്തിലും നയിക്കുവാൻ പറ്റുന്ന ഒരു മാർഗ രേഖയാണ് ചാവറപിതാവിലൂടെ പങ്കുവെയ്ക്കപ്പെട്ടത് എന്ന് നാം തിരിച്ചറിയുന്നു. തനി ക്രൈസ്തവമായ ഏതാനും നിർദ്ദേശങ്ങൾ ഒഴിച്ചാൽ ഏതു മതത്തിലും പെടുന്ന കുടുംബജീവിതക്കാർക്ക് ഉപകരിപ്പിക്കാവുന്ന ഒരു മാർഗ്ഗരേഖയാണ് ഒരു നല്ല അപ്പന്റെ ചാവരുൾ .

# Golden Records - 39

## സ്കറിയ തട്ടാശ്ശേരിയച്ചനുള്ള നിയമന പത്രിക

ഈ പത്തേന്തിയിൽ നിന്നും നമ്മുടെ സഭയുടെ പേരിനേക്കുറിച്ചും 1857-ൽ ഏറ്റെടുത്ത കൂനമ്മാവ് ആശ്രമത്തിൽ രണ്ടു വർഷങ്ങൾക്കുള്ളിൽ സഭയിൽ പ്രവേശിച്ചവരായി ഏതെല്ലാം തരത്തിലുള്ള അംഗങ്ങൾ ഉണ്ടായിരുന്നു എന്നും ഒരു സുപ്പീരിയറിന്റെ ചുമതലയും ഉത്തരവാദിത്വവും എന്തിലടങ്ങിയിരിക്കുന്നു എന്നും ചാവറപിതാവ് വ്യക്തമാക്കുന്നത് തോമസ് പന്തപ്ലാക്കലച്ചൻ നമ്മുടെ ശ്രദ്ധയിലേക്കു കൊണ്ടുവരുന്നു.

**എഡിറ്റർ**

### വിശദീകരണം

ബഹു. സ്കറിയാ തട്ടാശ്ശേരിയിലച്ചൻ സി.എം.ഐ. സഭയുടെ ആദ്യചരിത്രകാരനായ വർക്കിയച്ചന്റെ സമകാലികനാണ്. അദ്ദേഹത്തെ കൂനമ്മാവിലെ ആശ്രമത്തിന്റെ സുപ്പീരിയറായി ചാവറപിതാവ് 1859-ലാണ് ചുമതലപ്പെടുത്തിയത്. സുറിയാനി ഭാഷയിൽ അദ്ദേഹത്തിനു എഴുതിക്കൊടുത്ത പത്തേന്തിയിൽ നിന്ന് നമ്മുടെ സഭയുടെ പേര് വ്യക്തമാകുന്നുണ്ട്. 1855-ൽ ചാവറപിതാവ് തന്റെ വ്രതവാചകത്തിൽ അമലോത്ഭവദൈവമാതാവിന്റെ ദാസനായാണ്

വ്രതം സ്വീകരിച്ചത്. 1859 ആയപ്പോഴേക്കും മിഷ്യനറിമാരുടെ നിയന്ത്രണത്താൽ അമലോത്ഭവത്തിന്റെ കൂട്ടത്തിൽ കർമ്മല എന്ന പേരും ചേർക്കേണ്ടിവന്നു. 1859 ഡിസംബർ മുതലാണ് നമ്മൾ സ്കാപ്പുലർ വേഷത്തോടൊപ്പം ഉപയോഗിക്കണമെന്നാവശ്യപ്പെട്ടത്. തട്ടാശ്ശേരിയിലച്ചന്റെ പത്തേന്തിയിൽ കർമ്മലയിലെ അമലോത്ഭവ പരിശുദ്ധമറിയത്തിന്റെ ദാസൻ എന്നാണ് ചേർത്തിരിക്കുന്നത്. 1860-ൽ നമ്മുടെ സഭയെ കർമ്മലീത്താ ഒന്നാം സഭയുടെ മൂന്നാം സഭയായി മിഷനറിമാർ കൂട്ടുചേർത്തപ്പോൾ പേര് കർമ്മലീത്താ നിഷ്പാദുക മൂന്നാം സഭ എന്നായി മാറി.

ഈ പത്തേന്തിയിൽ നിന്ന് മറ്റൊരു കാര്യം നമുക്ക് മനസ്സിലാക്കാനുള്ളത് അന്ന് കൂനമ്മാവ് ആശ്രമത്തിൽ ആരെല്ലാം ഉണ്ടായിരുന്നു എന്നാണ്. വൈദികർ, സഹായസഹോദരർ, ശെമ്മാശന്മാർ, യോഗാർത്ഥികൾ എന്നിവർ അവിടെയുണ്ടായിരുന്നു എന്നറിയുമ്പോൾ നമ്മുടെ സഭ വളരെ പെട്ടെന്ന് അംഗസംഖ്യയിൽ വളർന്നു തുടങ്ങി എന്നതാണ്. സന്യാസജീവിതത്തിന്റെ നിലനില്പിനാവശ്യമായ രണ്ടു ഘടകങ്ങളെക്കുറിച്ച് ചാവറപിതാവിവിടെ സൂചിപ്പിക്കുന്നുണ്ട്. അത് ശരിയായ തീക്ഷ്ണതയും നിരന്തരമായ പരിശ്രമവുമാണ്.

തന്നെ ഏല്പിച്ചിരിക്കുന്നവർക്കുവേണ്ടി അധ്വാനിക്കുക എന്നതാണ് സുപ്പീരിയറിന്റെ പ്രധാനചുമതല എന്നും അതിൽ അവരെ ശാരീരികമായും അതിലുപരി ആത്മീയമായും നയിക്കുക എന്നത് തന്റെ വലിയ ഉത്തരവാദിത്വമാണെന്നും ഈ പത്തേന്തിയിലൂടെ ഓർമ്മപ്പെടുത്തുന്നു.

**ഫാ. തോമസ് പന്തപ്ലാക്കൽ സി.എം.ഐ.**



**(പകർപ്പ്)**

കർത്താവിന്റെ നാമത്തിൽ

കർമലയിലെ അമലോത്ഭവ പരിശുദ്ധ മറിയത്തിന്റെ ദാസനും കർമല സഭാംഗങ്ങളുടെ പ്രിയോരുമായ ചാവറ കുര്യാക്കോസ് കത്തനാരായ ഞാൻ,

നിത്യകന്യകയായ നമ്മുടെ അമ്മയുടെ ദാസനും ഞങ്ങളുടെ കൂടപ്പിറപ്പുമായ ബഹുമാനപ്പെട്ട തട്ടാശ്ശേരി സ്കറിയ കത്തനാർക്ക് കർത്താവിൽ സമാധാനവും ആയുരാരോഗ്യവും.

കർമലീത്താ സഭയുടെ ക്രമവിധി അനുസരിച്ച് ശരിയായ മാർഗത്തിൽ നടക്കാനുള്ള നല്ല മനസ്സ് തന്നിൽ ഞാൻ കാണുന്നു. നമ്മുടെ കർത്താവിനെ പിന്തുടരാനുള്ള തന്റെയും തന്നെ അനുസരിക്കുന്നവരുടെയും ശരിയായ തീക്ഷ്ണതയും നിരന്തരമായ പരിശ്രമവും അവസാനം വരെ നിലനിൽക്കുമെന്ന് കർത്താവിൽ ഞാൻ ശരണപ്പെടുന്നു.

കൂനമ്മാവിലെ വിശുദ്ധ ഫിലോമിനയുടെ കൊവേന്തയുടെ വികാരിയായി ഞാൻ തന്നെ അധികാരപൂർവം നിയമിക്കുന്നു. ആ കൊവേന്തയിലെ ബഹുമാനപ്പെട്ട വൈദികസഹോദരന്മാർക്കും സഹോദരന്മാർക്കും ശെമ്മാശ്ശന്മാർക്കും ആശ്രമത്തിലെ യോഗാർത്ഥികൾക്കും വേണ്ടി അധ്വാനിക്കുന്നതിനു വേണ്ടിയാണിത്. അവരെ ശാരീരികമായും അതിലുപരി ആത്മീയമായും നയിക്കുകയും ചെയ്യുക.

എന്നിൽ നിന്ന് മറ്റൊരു കൽപന ഉണ്ടാകുന്നതുവരെ ഇതിനു പ്രാബല്യമുണ്ട്. താൻ നമ്മുടെ കർത്താവിൽ ആരോഗ്യവാനായിരിക്കുക.

ഇത്, ബേസ് റൗമയിൽ നിന്നും എഴുതപ്പെട്ടത്

ജൂലൈ 3, 1859.

കുര്യാക്കോസ് കത്തനാർ,

കർത്താവിന്റെ ദാസൻ

(മുദ്രയും ഒപ്പും)

# News & Views

## Sacred Heart Province

### Ecuador Mission and its Decennial Celebrations



*Rev. Fr. Jose Kuriedath, Provincial, Rev. Fr. Sebastian Thekkedath, General Councillor for Education and Rev. Fr. Johny Edapulavan, General Auditor with Rt. Rev. Anibal Nieto Guerra, Bishop of San Jacinto of Yaguachi, Ecuador and CMI Fathers who are working in the diocese during their visit to the mission.*

This year Ecuador mission celebrates its 10th year of existence. It was the mission taken up by Sacred Heart Province during the global mission thrust in 2007. At Present there are 12 fathers working in this mission from different provinces.

## Paristhithi Mithra Award 2017



**Dr. Prasant Palackappillil** CMI receives the Paristhithi Mithra Award 2017 instituted by Centre for Environmental Education and Rural Development (CEERD), St. Stephen's College, Uzhavoor. The committee took into account the consistent efforts of the college to spread awareness and educate students in environment friendliness and the unique efforts to promote a green productive culture through paddy cultivation, one cent farming, participation in suchitwa mission and waste management. The award was given away by Rev. Fr. Michael, Vicar General of Kottayam Diocese in the presence of film director Sri Jayaraj.

## Best Education Leadership Management Award in Kerala to Rev. Fr. Jose Alex Oruthaippilly CMI



Rev. Fr. Jose Alex Oruthaippilly, Director of Rajagiri Engineering College and Rajagiri College of Social Sciences, and the Chief Finance head of Rajagiri Hospital, is honoured with the best Education Leadership Award in Kerala by National Institute of Personal Management (NIPM). We admire and appreciate your great service in the education field, especially in the growth of Rajagiri Group of Institutions.

**Congratulations, Dear Father!**

**Sahrudaya Santhwana Project 2017**

Sahrudaya Santhwana Project is intended to provide educational support for the professional education of the needy and poor students who are the children of the mentally challenged persons. In the beginning of the academic year 20 students benefitted from this project for their higher studies in various professional studies. The significance of this project is that it is distributed irrespective of caste or religion. It is installed with an aim at reaching out to the students who are talented and studious but not have a sound economic background to realize their dreams. We, the Sahrudaya Rajagiri aims at strengthening their families by securing the future of their children.

# St. Thomas Province

## കോഴിക്കോടൻ വാർത്തകൾ

### പ്രൊവിൻഷ്യൽ അഡ്മിനിസ്ട്രേഷൻ

പ്രവിശ്യാസംഘത്തിന്റെ ഒന്നും രണ്ടും സെഷനിലൂടെ എടുത്ത തീരുമാനങ്ങൾ നടപ്പിലാക്കുവാൻ പ്രൊവിൻഷ്യൽ ടീം പ്രാമാണികതാക്രമത്തിൽ പരിശ്രമിച്ചുകൊണ്ടിരിക്കുന്നു. പ്രോവിൻസ് സ്റ്റാറ്റ്യൂട്ട്സിന് ഭേദഗതികൾ വരുത്തി ജനറൽ കൗൺസിലിന്റെ അംഗീകാരം വാങ്ങിക്കഴിഞ്ഞു. പ്രൊവിൻഷ്യൽ ടീമിന്റെ പ്രത്യേക മായ ഒരുതീരുമാനമാണ് മൂന്നുമാസത്തിലൊരിക്കൽ ഏകാന്തതക്ക നുയോജ്യമായ ഒരു സ്ഥാപനത്തിൽ പോയി പ്രാർത്ഥനക്കും വിചി ന്തനത്തിനും ഡിപ്പാർട്ടുമെന്റൽ ഷെയറിങ്ങിനുമായി ഒരു ദിവസം ചിലവഴിക്കുക എന്നത്. ഇപ്രകാരമുള്ള ബ്രഷ്അപ്പ് പ്രോഗ്രാം ഒരു പ്രാവശ്യം നടത്തിക്കഴിഞ്ഞു. വിജയകരമായ അനുഭവമായിരുന്നു ഇത്.

## സന്യാസ പരിശീലനം

ബഹുമാനപ്പെട്ട പ്രൊവിൻഷ്യലച്ചന്റെ നേതൃത്വത്തിൽ പ്രോവിൻസിലെ പരിശീലനരംഗത്തുള്ളവരെയും പരിശീലനഭവനത്തിലെ ടീമംഗങ്ങളെയും വൊക്കേഷൻ പ്രൊമോട്ടേഴ്സിനെയും ഉൾപ്പെടുത്തി ഒരു റൗണ്ട് റ്റേബിൾ കോൺഫറൻസ് നടത്തി. ഇതിന് സഹായികളായി ബഹു. ബിജു കൂട്ടപ്ലാക്കൽ (നോവിസ് മാസ്റ്റർ, മൂവാറ്റുപുഴ പ്രോവിൻസ്), ബഹു. വിജു പൈനാടത്ത് (ഡി സെക്ഷൻ മാസ്റ്റർ, ധർമ്മാരാം കോളേജ്, പ്രൊഫസർ, ക്രൈസ്റ്റ് യൂനിവേഴ്സിറ്റി) എന്നീ അച്ചന്മാർ ഉണ്ടായിരുന്നു. ബഹു. പ്രൊവിൻഷ്യലച്ചൻ പ്രോവിൻസിലെ പരിശീലനഭവനങ്ങൾ ഇടക്കിടക്ക് സന്ദർശിച്ചു കൊണ്ട് ബഹു. റെക്ടറച്ചന്മാരെയും യോഗാർത്ഥികളെയും നവസന്യാസികളെയും പ്രോത്സാഹിപ്പിച്ചുകൊണ്ടിരിക്കുന്നത് അഭിനന്ദനീയമാണ്. അർത്ഥികളുടെ സമഗ്രവളർച്ച ലക്ഷ്യം വച്ചുകൊണ്ടുള്ള പരിശീലനപരിപാടികളാണ് വിഭാവനം ചെയ്തിരിക്കുന്നത്. വിവിധ മേഖലകളിലെ നൈപുണ്യത്തിനും സി.എം.ഐ. സന്യാസ ആധ്യാത്മികതയ്ക്കും കൂടുതൽ ഊന്നൽ നല്കുന്നു.

## അജപാലനരംഗം

ധ്യാനം, വചനപ്രഘോഷണം, കൗൺസിലിങ്ങ് തുടങ്ങിയ രംഗത്തു പ്രവർത്തിക്കുന്ന അംഗങ്ങളുടെയും ആശ്രമഇടവകകളുടെ വികാരിമാരായി പ്രവർത്തിക്കുന്നവരുടെയും രണ്ടു സമ്മേളനങ്ങൾ നടന്നു. ദർശന ധ്യാനകേന്ദ്രത്തെ ശ്കതിപ്പെടുത്തുവാൻ ബഹു. ബാബു കുഴുമ്പിൽ, ബഹു. ജോർജ് കളത്തിൽ, ബഹു. ജോസഫ് വയലിൽ എന്നിവരുടെ നേതൃത്വത്തിലുള്ള ധ്യാനടീമുകളെയും ദർശന സർവീസ് ടീമിനെയും രൂപീകരിച്ചു. ഡിസംബർ വരെയുള്ള പല പ്രോഗ്രാമുകളും പ്ലാൻ ചെയ്തുകഴിഞ്ഞു. അയൽവാസികളുടെ സൗഹൃദം നിലനിർത്താൻ ദർശന ധ്യാനഹാൾ സൗണ്ട് പ്രൂഫ് ആക്കി. ധ്യാനിക്കുന്നവരുടെ മനസിനെയും ശരീരത്തെയും തണുപ്പിക്കാൻ പുതിയസംവിധാനം ഉപകാരപ്രദമാകും. ആശ്രമങ്ങളോടു ചേർന്നുള്ള ഇടവകകളെ ചിട്ടയോടെ നയിക്കുന്നതിനു വേണ്ടിയുള്ള

പാസ്റ്ററൽ പോളിസിയും പ്രൊവിൻഷ്യൽ സിനാക്സിസിലൂടെ പാസാക്കി.

ഫാത്തിമാ മാതാവിന്റെ നാമത്തിൽ പരിശുദ്ധപിതാവ് പ്രഖ്യാപിച്ച ജൂബിലിവർഷത്തിന്റെയും ബഹു.ജനറാളച്ചന്റെ സർക്കുലറിന്റെയും വെളിച്ചത്തിൽ പ്രോവിൻസിലെ പ്രധാന സ്ഥാപനങ്ങളെ കേന്ദ്രീകരിച്ചുകൊണ്ടും ദൈവജനത്തെ പങ്കെടുപ്പിച്ചുകൊണ്ടുമുള്ള വിമലഹൃദയപ്രതിഷ്ഠ നടത്തിവരുന്നു. നവംബർ ആകുമ്പോഴേയ്ക്കും 12 സ്ഥാപനങ്ങളിൽ വിമലഹൃദയപ്രതിഷ്ഠയും ഫാത്തിമാ സന്ദേശവും നടത്തിയിരിക്കും. 7000 ചെറിയ ഉത്തരീയങ്ങൾ പ്രോവിൻസിലെ വിവിധ ആശ്രമദേവാലയങ്ങളിലൂടെ വിതരണം ചെയ്തു.

## വിദ്യാഭ്യാസരംഗം

ബഹു. ജോണി കൊച്ചുതാഴത്തച്ചന്റെ നേതൃത്വത്തിൽ വിദ്യാഭ്യാസസ്ഥാപനങ്ങളെ കൂട്ടിയിണക്കി പുതിയൊരു എഡ്യൂക്കേഷൻ പോളിസി നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. അടിത്തറ ഉറപ്പിച്ച വിദ്യാഭ്യാസസ്ഥാപനങ്ങൾ പുതിയസ്ഥാപനങ്ങൾ നടത്താൻ ഊർജം പകരുക എന്നതും സമഗ്രവികസനം നടപ്പിലാക്കുക എന്നതും ലക്ഷ്യമിട്ട് പ്രവർത്തനങ്ങൾ മുന്നോട്ടുപോകുന്നു. പ്രോവിൻസിലെ വിദ്യാഭ്യാസരംഗത്തു പ്രവർത്തിക്കുന്നവരുടെ കഴിഞ്ഞ സമ്മേളനം പുതിയ തീരുമാനങ്ങൾക്കും നടപടികൾക്കും വഴി തെളിച്ചിട്ടുണ്ട്. മേന്മയും മൂല്യബോധവും സമഗ്രവളർച്ചയും മുന്നിൽ കണ്ട് പ്രവർത്തിക്കാൻ തീരുമാനിച്ചു. പ്രവിശ്യ ഒരു വിദ്യാഭ്യാസ നയരേഖ രൂപീകരിക്കുന്നതിന്റെ അവസാനഘട്ടത്തിലാണ്. പഠിക്കാൻ കഴിവുള്ളവരും പാവപ്പെട്ടവരുമായ കുട്ടികളെ സഹായിക്കുന്നതിന്റെ ഭാഗമായി പ്രോവിൻസിലെ ആശ്രമങ്ങളുടെ ചുറ്റുപാടുമുള്ള 120-ഓളം കുട്ടികൾക്ക് പഠനസഹായമായി സ്കോളർഷിപ്പ് കൊടുത്തുവരുന്നു.

## സാമൂഹ്യസേവനരംഗം

ബഹു. ജോസ് ചേലക്കലച്ചന്റെ നേതൃത്വത്തിൽ സാമൂഹ്യസാമ്പത്തികഭദ്രത പാവപ്പെട്ടവരുടെയിടയിൽ വരുത്തുന്നതിന് നൂതനമായ പല പ്രോജക്ടുകൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. വസ്ത്രം

കഴുകുന്നതിനും ടോയിലറ്റ് വൃത്തിയാക്കുന്നതിനും മുറികൾ ക്ലീൻ ചെയ്യുന്നതിനുമാവശ്യമായ വളരെ ചിലവുകുറഞ്ഞതും ഉപദ്രവകര മായ കെമിക്കൽ റിയാക്ഷൻ ഇല്ലാത്തതുമായമായ സോപ്പ്, ലിക്വിഡ് സൊല്യൂഷൻ എന്നിവ നിർമ്മിച്ച് പ്രചാരത്തിലെത്തിച്ചുകൊണ്ടിരി ക്കുന്നു. ആശ്രമപച്ചക്കറിത്തോട്ടം ആരോഗ്യപരമായ ജീവിതത്തിന് എന്ന ലക്ഷ്യത്തോടെ എല്ലാ ആശ്രമങ്ങളിലേക്കും പച്ചക്കറി വിത്ത് വിതരണം നടത്തി ജോസച്ചൻ കയ്യടി വാങ്ങിച്ചിരിക്കയാണ്.

## സാമ്പത്തികരംഗം

ബഹു. പോൾ കുരീക്കാട്ടിലച്ചൻ ആദ്യടേമിൽ സ്വീകരിച്ച പ്രായോഗികജ്ഞാനം ഉപയോഗിച്ച് പ്രോവിൻസിന്റെ സാമ്പത്തിക ഭദ്രത ഉറപ്പുവരുത്താൻ പല നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കു ന്നു. പരമാവധി സാമ്പത്തികം പ്രോവിൻസിൽനിന്നുതന്നെ കണ്ടെ ത്തുക എന്ന പോളിസി മുറുകെപിടിച്ചുകൊണ്ട് വിവിധസ്ഥാപനങ്ങ ളുടെ വികസനപ്രവർത്തനങ്ങൾക്ക് അദ്ദേഹം നേതൃത്വം കൊടുക്കു ന്നു. സ്ഥാപനങ്ങൾ പരസ്പരം വളർത്തുക എന്ന ചാവറപിതാവിന്റെ തത്വത്തിലൂടെ സെൻട്രൽ പൂളിങ്ങ് പ്രോവിൻസിന്റെ വളർച്ചക്ക് ഉപ കരിപ്പിക്കുകയാണ് നടപടി. ഒരിക്കൽ സ്വീകരിച്ചത് വേറൊരു സ്ഥാപ നത്തിനായി തിരിച്ചുകൊടുക്കുക എന്ന തത്വം ചാവറപിതാവിന്റെ മനസ്സറിഞ്ഞതാണ്.

## ഓഡിറ്റിംഗ് രംഗം

പ്രോവിൻസിനെ നിയമപരിധിക്കുള്ളിലൂടെ സ്വതന്ത്രമായി വിഹരിക്കാനനുവദിക്കുക എന്ന പോളിസിയുമായി ബഹു. പാത്ര പാങ്കലച്ചൻ മൂന്നാം തവണയും പ്രോവിൻസിന്റെ ഓഡിറ്ററായി നയ പരമായ നിയന്ത്രണം നടത്തി മുന്നേറുന്നു. അനുഭവപരിചയവും സഭാസ്നേഹവും ഒന്നു ചേരുമ്പോൾ പക്വതയോടെ കാര്യങ്ങൾ നിയന്ത്രിക്കാൻ കഴിയുമെന്ന് അദ്ദേഹം തെളിയിക്കുന്നു.

# Dharmaram News

## Village Exposure: Philosophy

During the summer vacation, 42 brothers of II year philosophy had a village exposure programme at Attappady, arranged by Attappady Social Service Organisation (ASSO). They were sent in two groups (first group from 30 March to 14 April, second from 18 April to 02 May). It was an opportunity for our brothers to see the life of native people of Attappadi, who are marginalized and isolated from the main stream of life. First group had good experience by going to tribal villages and staying there and helping them in their needs. Second group gained experience by assisting in Jellippara parish, by means of house visits, visiting tribal villages and their houses, etc. Fr. Biju Mapranathukaran, the executive director of ASSO took care of our brothers during their exposure programme.

## Mission Exposure: Theology

Brothers of second year Theology went to Bijnor on 29th March as part of mission exposure programme. They spent their time in different mission stations by involving in socio-pastoral activities of the stations, of the Diocese of Bijnor for one month. They returned on May 01 for their vacation with awareness of mission contexts and widened visions about their future ministry.

## Pre-Philosophy Programme

The Pre-Philosophy programme includes training in English and lectures on general orientation. All the CMI Scholastics of both Wardha and Dharmaram who joined first year Philosophy reached Dharmaram on Tuesday, 30 April 2017 to attend the programme. It was an occasion for the scholastics to build up we-feeling and togetherness. Rev. Fr. Jobi Thurackal, Master of first year Philosophy

batch, Dharmaram, took care of the smooth conduct of the two week programme under the guidance of Fr. Rector. The Philosophy students of Wardha, left Dharmaram on 21 May accompanied by their Master, Fr. Martin Kuzhivelil.

## Annual Retreat

The Annual Retreat 2017-18 for the year was conducted during 21-27 May. The Retreat was guided by Rev. Fr. Dominic Valanmanal and team. Daily Eucharistic Adoration, Counseling, etc. made the retreat more experiential. The insights and reflections during the retreat helped the community to enter into the academic year with a new momentum and spiritual motivation. Scholastics are of the opinion that a follow-up is needed for the retreat.

## Orientation Programme (30th May to 02nd June)

Before the commencement of the new academic year, a four days' orientation programme was organized for the Scholastics. Major topics dealt were: Religious life in a Cyber Age, Challenges and Opportunities of Scholastics today, Human Affectivity, Psycho-sexual Formation, etc. Group discussions and goal setting sessions enriched the programme. Jacob Job IPS, Fr Joseph Mathias SJ, Dr. Olinda Timms, Fr Jacob Parappally MSFS and Fr Gabriel Mathias OFM were the resource persons.

## Inauguration of Academic Year - DVK

Academic Year 2017 – 2018 commenced at DVK, on Monday, 05 June with concelebrated Solemn Divine Liturgy in the Dharmaram Chapel. Rev. Dr. Paulachan Kochappilly, President, presided over the Eucharistic celebration. Rev. Dr. George Edayadiyil, Rector, preached the homily. The Inaugural session at JBC auditorium, DVK, was presided over by Rev. Fr. Paulachan Kochappilly, the President. Rev. Fr. Jose Kizhakkekuttu, Registrar welcomed the gathering.

## Elections: General Beadles and LCA Secretaries

Elections to the positions of the General Beadles and LCA secretaries were conducted on 09 June. "Meet the Candidate" programme was very creative. Bro. Rijo Pulichamackal was elected

as General Beadle, Bro. Rinu Valiyaparambil as Associate Genreal Beadle, Bro. Jojo Vakiamadathil as LCA Secretary and Bro. Jerin Parathanam as Joint Secretary.

## Farewell Gathering

On 15 June 2017, Dharmaram community gathered to honour and pray for its veteran professors and staff (Rev. Fr. Thomas Aykara, Rev. Fr. Thomas Kalayil, Rev. Fr. Joseph Madassery, Rev. Fr. Augustine Thottakkara, Rev. Fr. Alex Thannippara, Rev. Fr. Jose Thadavanal, Rev. Fr. Anto Puthussery, Rev.Fr. Thomas Muppathinchira, Rev. Fr.Varghese Kelamparambil, Rev. Fr. Thomas Kallukalam, Rev. Fr. James Pampara, Rev. Fr. Lucose Chamackala, Rev. Fr. Thomas Thekkel, Rev. Fr. Mathew Thadathil, Rev. Fr. Jose Prakash Chelackal) who were transferred to take up new assignments. The community gratefully remembered the services they contributed to make Dharmaram what it is now. Rev. Fr Thomas Aykara, former Rector, Rev. Fr Alex Thannippara, and Rev. Fr Augustine Thottakkara expressed their gratitude to Dharmaram and specially recalled its unique role in imparting holistic outlook.

## Screening of the Film

A film "He will Come Again" was screened in Dharmaram under the auspices of Dharmaram LCA on 19 June 2017. It was a 45 minutes presentation that briefed the whole Biblical story.

## New Comers' Day

Dharmaram community welcomed the New Comers officially on 20th June. New student priests (25) and brothers of Samanvaya (18), I year Theology (40), I year Degree (13) and I year Philosophy (44) were officially received by Rev. Fr Rector. The programme was

coordinated by II year Philosophy students. The new comers introduced themselves in the gathering.

## Sacred Heart Feast

The Feast of Sacred Heart of Jesus was solemnly celebrated on 25th June. Bible service was lead by II year Theology brothers on the eve. The Concelebrated Solemn Divine Liturgy was lead by Rev. Fr. Rector and Rev. Fr Thomas Chathamparampil delivered the festal message. The guests from neighbouring Religious communities and Major Seminaries around Bangalore graced the occasion.

## Chavara Lectures

The Centre for the Study and Research on Chavara, conducted the fifth annual lectures on “St. Chavara – A Pioneer of Social Transformation” and it was delivered by Dr. C. V. Ananda Bose, IAS, Chairman, UN Expert committee and former Secretary to Government of India and Vice-Chancellor on 21 June 2017.

## Bishop Jonas Thaliath CMI Endowment Lectures

Bishop Jonas Thaliath CMI Endowment Lectures 2017-18 was organized by Faculty of Theology on 2 and 3 August 2017. Prof. Dr. Kuncheria Pathil, CMI delivered the theme: “Ecclesial Vision of Pope Francis”. It was well attended and received.

## Fr. Canisius CMI Endowment Lectures

This year’s Canisius Endowment Lectures 2017 – 18 organized by the Institute of Vinayasadhana was on 12 August 2017 on the theme “Doulos: Paradigm for Christian Discipleship”. It was delivered by Dr. Sr. Sophy Rose, CMC. The lectures focused on Jesus the perfect Doulos (servant) who had the mind of hineni (here I am) to fulfill the mission entrusted to him as an antidote to the present day tendency of thinking and doing individualistically. It was well attended.

**Canonical Visitation: 17 July to 07 August**

Rev. Fr. Prior General's Canonical visitation renewed and revitalized the whole Dharmaram community. Personal meetings as well as meeting with different groups/departments went well that helped the members to get more clarity in areas where improvement is needed. A team of Management Auditors was there to review the financial administration of Dharmaram and its constituent units. The General Council Team was present during Fr. General's meeting with the Local Council. During his concluding conference on 07 August Rev. Fr. General emphasized the importance of imbibing the true spirit of Christian discipleship in our lives. On 08 August Fr. General left for Wardha for Canonical Visitation.

# Chavara Cultural Centre, Kochi

## കാഴ്ചവെല്ലുവിളി നേരിടുന്നവർക്ക് പി.എസ്.സി. ബാങ്ക് കോച്ചിംഗ് ക്ലാസ്സുകൾ

സൊസൈറ്റി ഫോർ റിഹാബിലിറ്റേഷൻ ഓഫ് ദ വിഷ്വലി ചാലഞ്ചഡ് (SRVC), ചാവറ കൾച്ചറൽ സെന്ററിന്റെ നേതൃത്വത്തിലുള്ള ചാവറ ഇന്റർനാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ദി വിഷ്വലി ചലഞ്ച്ഡ് (CIIVC) എന്നിവയുടെ നേതൃത്വത്തിൽ കാഴ്ച വെല്ലുവിളി നേരിടുന്നവർക്കായുള്ള പി,എസ്സ്സി, എസ്.എസ്.സി., ബാങ്ക് കോച്ചിംഗ് കോഴ്സുകൾ ചാവറ കൾച്ചറൽ സെന്ററിൽ ആരംഭിക്കുന്നു. ഇതിനായി നടത്തിയ ശില്പശാലയിൽ 40 ഓളം പേർ പങ്കെടുത്തു. ടൈം ഇൻസ്റ്റിറ്റ്യൂട്ടുമായി സഹകരിച്ചാണ് കോച്ചിംഗ് ക്ലാസ്സുകൾ നടത്തുന്നത്.വിദ്യാർത്ഥികൾക്ക് മുഖ്യാതിഥി സൺറൈസ് ഹോസ്പിറ്റൽ എം.ഡി. പർവീൻ ഹഫീസ് സർട്ടിഫിക്കേറ്റുകൾ നൽകി. ഫാ.റോബി കണ്ണൻചിറ സി.എം.ഐ. അധ്യക്ഷത വഹിച്ചു. ഈ കോഴ്സ് പൂർത്തിയാക്കി കോർപറേറ്റ് സ്ഥാപനങ്ങളിലും എൻവിഷൻ ടെലി സെയിൽസ് സെന്ററുകളിലും ജോലി ചെയ്യുന്നവർ അനുഭവങ്ങൾ പങ്കു വച്ചു. കാഴ്ചവൈകല്യമുള്ളവർ ഇനിയും മേഖലയിലേക്ക് കടന്നുവരാനുള്ള ഒരവസരം കൂടിയാണ് ഈ പരിശീലന

പരിപാടി യിലൂടെ ഉദ്ദേശിക്കുന്നത്. ജയ്പൂർ ദേശീയ ഗയിംസിൽ ഡിസ്കസ് ത്രോയിലും ജാവലിൻ ത്രോയിലും സ്വർണ്ണം നേടിയ കാഴ്ചവൈകല്യമുള്ള പ്രമോദ് എം.പി.യെ തദവസരത്തിൽ ആദരിച്ചു. താജ് മലബാർ ജനറൽ മാനേജർ സിബി മാത്യു, എസ്.ആർ. വി.സി. സെക്രട്ടറി സുനിൽ ജെ. മാത്യു, എസ്.ആർ.വി.സി പ്രൊജക്റ്റ് ഡയറക്ടർ എം.സി.റോയി, ഹാർഡി ജോസഫ്, ഗിരീഷ് കീർത്തി എന്നിവർ പ്രസംഗിച്ചു. കോഴ്സിൽ പങ്കെടുക്കുവാൻ താല്പര്യമുള്ളവർ ഫോൺ: 2377443, 9633400375 എന്ന നമ്പറിൽ ബന്ധപ്പെടുക.

## സ്വകാര്യതയ്ക്കുള്ള അവകാശം മനുഷ്യാവകാശത്തിന്റെ അവിഭാജ്യ ഘടകം: മനുഷ്യാവകാശക്കമ്മീഷൻ

സ്വകാര്യതയ്ക്കുള്ള അവകാശം മനുഷ്യാവകാശത്തിന്റെ അവിഭാജ്യ ഘടമകാണെന്ന് സംസ്ഥാന മനുഷ്യാവകാശക്കമ്മീഷൻ അദ്ധ്യക്ഷൻ പി. മോഹനദാസ് അഭിപ്രായപ്പെട്ടു. *സ്വകാര്യതയും മൗലികാവകാശ സംരക്ഷണവും* എന്ന വിഷയത്തെ ആസ്പദമാക്കി സംഘടിപ്പിച്ച സെമിനാർ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.




ജനങ്ങളുടെ ആശയാഭിലാഷങ്ങൾക്ക് അനുസൃതമല്ല സുപ്രീംകോടതിയുടെ വിധിയെങ്കിൽ ഇന്ത്യൻ പാർലമെന്റിന് ഭരണഘടനഭേദ

ഗതി ചെയ്യാൻ അധികാരമുണ്ട്. ജനത്തിന്റെ അവകാശസംരക്ഷണ ത്തിനായിരിക്കണം പരമമായ പ്രാധാന്യം നൽകേണ്ടത് എന്ന് അദ്ദേഹം പറഞ്ഞു.ഫാ. റോബി കണ്ണൻചിറ സി.എം.ഐ. അദ്ധ്യ ക്ഷത വഹിച്ചു. അഡ്വ. ഡി. ബി. ബിനു വിഷയാവതരണം നടത്തി. അഡ്വ. എം. ആർ. രാജേന്ദ്രൻ നായർ മോഡറേറ്ററായിരുന്നു.

തുടർന്നുനടന്ന പൊതുചർച്ചയിൽ സ്വകാര്യത മൗലികാവ കാശമാണെന്നും അത് സംരക്ഷിക്കേണ്ടത് ആവശ്യമാണെന്നും അഭി പ്രായമുണ്ടായി.വിവരശേഖരണം സ്വകാര്യമായത് പരസ്യമാക്കുന്നത് അവകാശലംഘനമാണ്. ആധാർ വിവരങ്ങൾ ദുരുപയോഗം ചെയ്യ രുത്. ഭരണാധികാരികൾക്ക് രാജ്യത്തെ ജനങ്ങളുടെ സ്വകാര്യതയി ലേക്ക് കടന്നുകയറാൻ അവകാശമുണ്ടോ എന്നും സെമിനാർ ചർച്ച ചെയ്തു.

## പോക്സോ - രക്ഷിതാക്കൾക്കും സമൂഹത്തിനും കൂടുതൽ അവബോധം നൽകണം: ശോഭ കോശി

ആദിവാസി മേഖലയിലെ കുട്ടികൾക്കെതിരെയുള്ള ലൈംഗിക ചൂഷണങ്ങൾ പോക്സോ നിയമത്തിന്റെ പരിധിയിൽ വരും. അതിന് ഇളവ് നൽകാൻ നിയമം അനുവദിക്കുന്നില്ലായെന്ന് കമ്മീഷൻ ഫോർ പ്രൊട്ടക്ഷൻ ഓഫ് ചൈൽഡ് റൈറ്റ്സ് ചെയർപേ ഴ്സൺ ശോഭ കോശി അഭിപ്രായപ്പെട്ടു.



ചാവറ കൾച്ചറൽ സെന്റർ, ആർ.ടി.ഐ. കേരള ഫെഡറേഷൻ എന്നിവയുടെ ആഭിമുഖ്യത്തിൽ സിറിയക് ഏലിയാസ് വൊളന്ററി അസോസിയേഷൻ, സെന്റ് തെരേസാസ് കോളേജ് സോഷ്യോളജി വിഭാഗം എന്നിവയുടെ സഹകരണത്തോടെ സംഘടിപ്പിച്ച പോക്സോ നിയമത്തെക്കുറിച്ചുള്ള ഏകദിന സെമിനാർ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു ശോഭകോശി.
കുട്ടികളുടെ അവകാശ സംരക്ഷണം സംബന്ധിച്ച് രക്ഷിതാക്കൾക്കും സമൂഹത്തിനും അവബോധം നൽകണം. ബ്ലൂവെയിൽ ഗെയിം സംഭവത്തിൽ ചീഫ് സെക്രട്ടറി സംസ്ഥാന പോലീസ് മേധാവി, ഐ.ടി. സെക്രട്ടറി എന്നിവരോട് വിശദീകരണം തേടി, സംഭവത്തിൽ കമ്മീഷൻ വേണ്ട നടപടി സ്വീകരിക്കും.കുട്ടികൾക്കെതിരെയുള്ള നിയമം സംരക്ഷിക്കുന്ന സംവിധാനങ്ങൾ, കോടതി, പോലീസ് സ്റ്റേഷൻ മുതലായവ ബാല സൗഹൃദമാക്കണമെന്നും അവർ ആവശ്യപ്പെട്ടു.

പ്രൊഫ.കെ.വി.തോമസ് എം.പി. മുഖ്യാതിഥിയായിരുന്നു. ഫാ. വർഗ്ഗീസ് കോക്കാടൻ സി.എം.ഐ. അധ്യക്ഷത വഹിച്ചു. ശിശുക്ഷേമ സമിതി എറണാകുളം ജില്ലാ ചെയർപേഴ്സൺ പത്മജ നായർ, ഫാ. റോബി കണ്ണൻചിറ സി.എം.ഐ., അഡ്വ.ഡി.ബി.ബിനു, കെ.എൻ. കെ.നമ്പൂതിരി എന്നിവർ പ്രസംഗിച്ചു. തുടർന്ന് പോക്സോ നിയമത്തിന്റെ സാമൂഹ്യ പ്രസക്തി എന്ന വിഷയത്തിൽ കമ്മീഷൻ അംഗം സിസ്റ്റർ ബിജി സി.എം.സി., പോക്സോ അതിജീവിച്ചവരുടെ പുനരധിവാസം എന്ന വിഷയത്തിൽ കമ്മീഷൻ അംഗം എം.പി. ആന്റണി, പോക്സോ നിയമം നടപ്പാക്കുന്നതിലെ പ്രായോഗിക ബുദ്ധിമുട്ടുകൾ, പരിഹാരങ്ങൾ എന്ന വിഷയത്തിൽ അസിസ്റ്റന്റ് പോലീസ് കമ്മീഷണർ കെ.ലാൽജി എന്നിവർ പ്രഭാഷണം നടത്തി. അഡ്വ. എം.ആർ.രാജേന്ദ്രൻ നായർ, സെന്റ് സെരേസാസ് കോളേജ് സോഷ്യോളജി വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ജോർജിയ ആൻ ബെന്നി, അഡ്വ.ലിറ്റോ പാലത്തിങ്കൽ എന്നിവർ മോഡറേറ്റർമാരായിരുന്നു. ഉച്ചകഴിഞ്ഞു നടന്ന പൊതുചർച്ചയിൽ കമ്മീഷൻ ചെയർപേഴ്സൺ ശോഭ കോശി മറുപടി നൽകി. എസ്.സിറിയക്, ശശി കിഴക്കട, ഷാനവാസ്, ഉണ്ണികൃഷ്ണൻ, റഷീദ് എന്നിവർ ചർച്ചയിൽ പങ്കെടുത്ത് സംസാരിച്ചു. ജോളി പവേലിൽ നന്ദി പറഞ്ഞു്

## ഫ്രഞ്ച് കലാകാരന്മാരുടെ ആക്രോബാറ്റിക് സർക്കസ്

ഫ്രാൻസിൽ നിന്നുള്ള ഓഡ് റോസറ്റ് എന്ന വനിതയുടെ നേതൃത്വത്തിൽ ചൈനീസ് പോൾ ഉപയോഗിച്ചുള്ള സർക്കസ് ഏപ്രിൽ 22ന് വൈകീട്ട് 6ന് കലൂർ റിന്യവൽ സെന്ററിൽ നടത്തി. എറണാകുളം ചാവറ കൾച്ചറൽ സെന്റർ, അലിയോൺസ് ഫ്രാൻസൈസ് എന്നിവയുടെ സംയുക്താഭിമുഖ്യത്തിലാണ് നടത്തിയത്. കളരിപയറ്റ് ചൈനീസ് പോൾ ചേർത്തുകൊണ്ട് എങ്ങനെ നടത്താമെന്ന ആലോചനയുടെ തുടർച്ചയാണ് ഈ പരിപാടി. 6മീറ്റർ നീളമുള്ള ഒരു ഇരുമ്പ് പൈപ്പ് സ്റ്റാന്റിൽ ഉറപ്പിച്ച് അതിലാണ് സർക്കസ് നടത്തുന്നത്.

## ലൻഗാ- രാജസ്ഥാൻ നൃത്ത സംഗീത സന്ധ്യ

അലിയോൺസ് ഫ്രാൻസൈസ് ട്രിവാൻഡ്രം, ഗെയ്ഥേ സെൻട്രം, ചാവറ കൾച്ചറൽ സെന്റർ എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ രാജസ്ഥാൻ നൃത്ത സംഗീത സന്ധ്യ ചാവറ കൾച്ചറൽ സെന്ററിൽ നടത്തി. വാലി ഖാൻ, സിക്കന്ദർ ഖാൻ, സർദാർഖാൻ എന്നിവരോടൊപ്പം പ്രമുഖ കൽബാലിയ നർത്തകി വിജയ ലക്ഷ്മി അമേഠയും ചേർന്നാണ് ഈ സംഗീത നൃത്ത സന്ധ്യ അവതരിപ്പിച്ചത്.

## ബാവുൽ സംഗീതവും ജർമ്മൻ സിതാറും ചേർന്ന് ജുഗൽബന്ദി

വ്യത്യസ്തമായൊരു സംഗീത സായാഹ്നത്തിന് ജർമ്മൻ സാംസ്ക്കാരികകേന്ദ്രവും കൊച്ചി ചാവറ കൾച്ചറൽ സെന്ററും ചേർന്ന് വേദി ഒരുക്കുന്നു. ബംഗാളിലെ ബാവുൽ സംഗീതവും ജർമ്മൻ സിതാർ സംഗീതവും ചേർന്നുള്ള ജുഗൽ ബന്ദി. പ്രശസ്ത ബാവുൽ ഗായികയായ പപിയ ദാസ് ബാവുലും ജർമ്മൻ സിത്താർ വാദകനായ സെബാസ്റ്റ്യൻ ഡ്രെയറും ചേർന്നാണ് സംഗീത സന്ധ്യ നടത്തിയത്.

## ജലസംരക്ഷണം ഇന്നിന്റെ ആവശ്യം : എം.കെ.സാനു

അമൂല്യമായ ജലം ദുരുപയോഗിക്കാതെ സംരക്ഷിക്കേണ്ടത് ഇന്നിന്റെ ആവശ്യമാണെന്ന് പ്രൊഫ.എം.കെ.സാനു അഭിപ്രായപ്പെട്ടു. ചാവറ കൾച്ചറൽ സെന്റർ, എറണാകുളം കരയോഗം, മഹാകവി കാളിദാസ സാംസ്കാരിക വേദി എന്നിവയുടെ ആഭിമുഖ്യത്തിൽ *ജലസംരക്ഷണം ഭാവി തലമുറയ്ക്ക്* എന്ന മുദ്രാവാക്യവുമായി കാരിക്കാമുറിയിൽ നടത്തിയ ബോധവത്ക്കരണ പരിപാടി ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

ലോകത്തിൽ ലക്ഷക്കണക്കിന് ജനങ്ങൾ കുടിവെള്ളമില്ലാതെ കഷ്ടപ്പെടുമ്പോൾ നമ്മൾ വാഷ്ബേസനിലൂടെയും വാഹനങ്ങൾ കഴുകിയും പാഴാക്കുന്ന ജലത്തിന്റെ ഉപയോഗം കുറയ്ക്കമെണമെന്നും അദ്ദേഹം പറഞ്ഞു. ഫാ.റോബി കണ്ണൻചിറ സി.എം.ഐ., എറണാകുളം കരയോഗം സെക്രട്ടറി പി.രാമചന്ദ്രൻ, സി.ജി.രാജഗോപാൽ, ജയചന്ദ്രൻ, ജോളി പവേലിൽ എന്നിവർ പ്രസംഗിച്ചു.

## ചാവറയിൽ അവധിക്കാല ജഗ്ലിംഗ് ക്ലാസ് നടത്തി

ചാവറ കൾച്ചറൽ സെന്ററിന്റെയും അലിയോൺസ് ഫ്രാൻസൈസെസിന്റെയും സംയുക്താഭിമുഖ്യത്തിൽ ഫ്രാൻസിൽ നിന്നുള്ള കലാകാരന്മാരായ ഡാമിയൻ, ക്ലീമെൻസ് എന്നിവരുടെ മേൽനോട്ടത്തിൽ ജഗ്ലിംഗ്, അക്രോബാറ്റിക്, സർക്കസ് അവധിക്കാല ക്യാമ്പ് സംഘടിപ്പിച്ചു. കുട്ടികളുടെ കായികക്ഷമതയും ബുദ്ധിശക്തിയും വർദ്ധിപ്പിക്കുന്നതിനുവേണ്ടിയുള്ള കളികളാണ് ഇതിൽ ഉൾപ്പെടുത്തിയിരുന്നത് .

## ചാവറയിൽ വനിതാ ദിനം ആചരിച്ചു

സ്നേഹമുള്ള കുടുംബം ഉണ്ടാവണം. അത് അമ്മയിലൂടെ, മകളിലൂടെ, സഹോദരിയിലൂടെ ഉണ്ടാവട്ടെയെന്ന് പ്രൊഫ. ലീലാമ്മ ജോസ് അഭിപ്രായപ്പെട്ടു. ചാവറ കൾച്ചറൽ സെന്ററിന്റെയും ചാവറ ഫാമിലി വെൽഫയർ സെന്ററിന്റെയും സംയുക്താഭിമുഖ്യത്തിൽ നടന്ന വനിതാദിനം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു. ഉത്തരവാദിത്വം മാത്രമല്ല അധികാരവും അമ്മമാരിലേക്ക്

കൈമാറണം, തീരുമാനങ്ങൾ എടുക്കുമ്പോളില്ലാത്ത ഉത്തരവാദിത്വം ബുദ്ധിമുട്ടുണ്ടാവുമ്പോൾ അത് അമ്മമാർക്ക് മാത്രമാവുന്ന അവസ്ഥ മാറണമെന്നും പ്രൊഫ. ലീലാമ്മ ജോസ് അഭിപ്രായപ്പെട്ടു. ജോൺസൺ സി. എബ്രഹാം, സിമാംസ് പ്രിൻസിപ്പൽ പ്രൊഫ. എ. എക്സ് എഡ്വിൻ, അജിമോൾ ശ്യാം, ലീന ഷാജി, രാജലക്ഷ്മി ജയചന്ദ്രൻ എന്നിവർ പ്രസംഗിച്ചു.

## അരവിന്ദന്റെ എസ്തപ്പാൻ ചലച്ചിത്രം പ്രദർശിപ്പിച്ചു

ചാവറ മൂവി സർക്കിളിന്റെ നേതൃത്വത്തിൽ അന്തരിച്ച പ്രഗത്ഭ സംവിധായകൻ ജി. അരവിന്ദന്റെ 26–ാം ചരമവാർഷികത്തോടനുബന്ധിച്ച് അദ്ദേഹത്തിന്റെ വിഖ്യാത ചലച്ചിത്രം **എസ്തപ്പാൻ** പ്രദർശിപ്പിച്ചു. 1979 –ൽ ജി. അരവിന്ദൻ തിരക്കഥയും സംവിധാനവും നിർവഹിച്ച **എസ്തപ്പാൻ** മികച്ച സംവിധാനത്തിനും ഛായാഗ്രഹണത്തിനുമുള്ള സംസ്ഥാന അവാർഡ് നേടിയിട്ടുണ്ട്.

## മെഡിക്കൽ ക്യാമ്പും ബോധവൽക്കരണ ക്ലാസും

പ്രമേഹം, രക്തസമ്മർദ്ദം, ക്യാൻസർ, ഹൃദയാഘാതം, മാനസിക രോഗങ്ങൾ, അൾഷിമേഴ്സ് എന്നിവ പ്രതിരോധിക്കുന്നതിനും ചികിത്സിക്കുന്നതിനുമായി ഹോമിയോവകുപ്പ് - ഹോമിയോപ്പതി, ആയുർവേദം, പ്രകൃതിചികിത്സ, യോഗ എന്നിവയെ കോർത്തിണക്കിക്കൊണ്ട് ആയുഷ് സമഗ്ര ചികിത്സാപദ്ധതിയുടെ ഭാഗമായി കേരള സർക്കാർ ഹോമിയോവകുപ്പും കാരിക്കാമുറി റസിഡന്റ്സ് അസ്സോസിയേഷനും ചാവറ കൾച്ചറൽസെന്ററും സംയുക്തമായി മെഡിക്കൽ ക്യാമ്പും, ജീവിതശൈലിരോഗങ്ങളെ സംബന്ധിച്ച ബോധവൽക്കരണ ക്ലാസും നടത്തി. കൊച്ചി കോർപ്പറേഷൻ ഡെപ്യൂട്ടി മേയർ ടി. ജെ. വിനോദ് ഉദ്ഘാടനം ചെയ്തു.

## For Private Circulation

**Carmela Sandesam**
CMI Bulletin
CMI Generalate, Chavara Hills
P. B. No. 3105, Kakkanad P. O
Kochi - 682030

No. 236; Septmeber 2017
Phone : 0484-2881804
0484-2881816

**carmelasandesam.cmi@gmail.com**

അടുത്ത ലക്കത്തിലേക്കുള്ള മാറ്റർ
2017 നവംബർ 15-നകം ഓഫിസിൽ
കിട്ടിയിരിക്കണം

All rights reserved, Reproduction in any manner, in whole or part,
without prior written permission prohibited.

Editor: **Fr. Sebastian Thekkedathu CMI**

Printed and Published by Fr. Sebastian Thekkedathu
for the CMI General Secretariat for Media and Communication



**Inauguration of One Day Seminar on POCSO Act by Mrs. Sobha Koshy, Chairperson, Child Rights Commission at Chavara Cultural Centre**




**Rajasthani Langa Dance at Chavara Cultural Centre in Association with Alliance Francaise and Goethe Centrum**



Covenant 2017 - Regents' Meet at Chavara Hills (September 16 - 19)

Design & Print at Viani Printings, Kochi - 682 018. Phone: 0484-2401635